# കണ്ണിപറമ്പ എ. എൽ. പി സ്കൂൾ 2025-26

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

→ സ്കൂൾ ചരിത്രം, ഇന്നത്തെ അവസ്ഥ.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ 16ാം വാർഡിൽ കണ്ണിപറമ്പ അംശത്തിലെ പാലങ്ങാട് ദേശം - പാലങ്ങാട് കുന്ന്, മതിലഞ്ചേരികുന്ന്, കോട്ടകുന്ന് എന്നീ മൂന്ന് കുന്നുകൾക്കിടയിലെ വയൽ പ്രദേശമായ ആയംകുളം കൂടി ഉൾപ്പെടുന്ന ഉൾനാടൻ ഗ്രാമം. ശ്രേഷ്ഠനായ കണ്വമഹർഷി തപസ്സനുഷ്ഠിച്ചതോടെ കണ്വപറമ്പയായ പ്രദേശത്തിന് കാലപ്പഴക്കത്താൽ ലോപം വന്ന് കണ്ണിപറമ്പയായത്രേ. മഹാ ഭൂരിപക്ഷവും ദരിദ്രരും

ചുരുങ്ങിയ ദിവസങ്ങളോളം കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്ത് ജീവിക്കുന്നവരും, വിദ്യാഭ്യാസത്തിന്റെ മഹത്വമറിയാത്തവരായ പട്ടിണിപ്പാവങ്ങളായിരുന്നു.

അധഃസ്ഥിതരുടെ മക്കൾക്ക് പഠിക്കാൻ ഇവിടെ ഉണ്ടായിരുന്ന ലേബർ സ്കൂൾ നിലനിർത്താനാവശ്യമായ കുട്ടികളില്ലാത്തതിനാൽ നിർത്തലാക്കപ്പെട്ടു. ഇതോടെ ഈ പ്രദേശത്ത് വീണ്ടും ഒരു സ്കൂൾ ആവശ്യമാണെന്നും അടുത്ത തലമുറയെയെങ്കിലും. അക്ഷരത്തിന്റെ ലോകത്തേക്ക് കൈപിടിച്ചു നടത്താൻ കഴിയണമെന്നും നിരക്ഷരതയിൽ നിന്നു സാക്ഷരതയിലേക്ക് അവരെ ഉയർത്തണമെന്നുമുള്ള ഉദ്ദേശ്യത്തോടെ 1945ൽ കഠിന പ്രയത്നത്തോടെയാണ് ഹയർ ഹിന്ദു ബോയ്സ് സ്കൂൾ കണ്ണിപറമ്പ എന്ന പേരിൽ ഒരു സരസ്വതി ക്ഷേത്രം തുടങ്ങിയത്. കാലക്രമത്താൽ കണ്ണിപറമ്പ ഹയർ.
കാലക്രമത്താൽ കണ്ണിപറമ്പ ഹയർ എലിമെന്ററി സ്കൂളും പിന്നീട് കണ്ണിപറമ്പ ഹയർ എൽ.പി സ്കൂളുമായി മാറി. എന്നാൽ നാട്ടുകാർക്ക് അന്നും.

Scanned with OKEN Scanner

ഇത് കാര്യാട്ട് സ്കൂളാണ്. പാറോൽത്തൊടികയിൽ
പറമ്പിന്റെ അരികിൽ പരേതനായ ഏഗൻ അച്ചു-
പിള്ളയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന കെട്ടിടത്തിൽ
വാടകയ്ക്കാണ് സ്കൂൾ ആരംഭിച്ചത്. മണ്ണ് കൊണ്ടുള്ള
തറയും ചുമരും ഓല മേഞ്ഞ മേൽക്കൂരയും ഇത് വൃത്തി-
യാക്കാൻ ഇടക്കിടെ ചാണകം മെഴുകുമായിരുന്നു. കാലക്രമ-
ത്താൽ കെട്ടിടം ജീർണിച്ചതോടെ സ്കൂൾ നടത്താൻ
സാധിക്കാതെയായി.

പിന്നീട് സ്കൂൾ മാനേജ്മെന്റിന്റെ കുടും-
ബസ്വത്തായ കടയുടെ മുകളിലും വീടിന്റെ പടിപ്പുരയിലും
പൂമുഖത്തുമായി ക്ലാസുകൾ നടത്തി. തുടർന്ന് മാനേ-
ജരുടെ സ്ഥലത്ത് നാട്ടുകാരുടെയും സർക്കാർ ഏജൻ-
സികളുടെയും സഹായത്തോടെയും ഇന്ന് കാണുന്ന
കെട്ടിടം 1961-ൽ മാറ്റി സ്ഥാപിച്ചു. ഏകദേശം ഒരേ-
ക്കർ സ്ഥലത്താണ് ഈ സ്ഥാപനം ഇന്ന് നിലനിൽക്കു-
ന്നത്. 1945ൽ സ്കൂൾ സ്ഥാപിച്ചത് മുതൽ 1974ൽ
മരിക്കുന്നത് വരെ സ്കൂളിന്റെ മാനേജരും പ്രധാനാധ്യാ-
പകനുമായി പ്രവർത്തിച്ചത് അന്നത്തെ പൗരപ്രമാ-
ണിയായിരുന്ന ശ്രീ കാര്യാട്ട് രാമൻ നായർ ആയിരുന്നു.
ഇദ്ദേഹത്തിന്റെ മരണത്തിനു ശേഷം സഹോദര പുത്രി

Scanned with OKEN Scanner

യായ എ.വി ഗൗരിയാണ് മാനേജരായി തുടർന്ന് പോരുന്നത്.

1945ൽ ഒന്നാം തരത്തിൽ 83ഉം രണ്ടാം തരത്തിൽ 15ഉം മൂന്നാം തരത്തിൽ 12ഉം കുട്ടികളെ പ്രവേശിപ്പിച്ചുകൊണ്ടാണ് സ്കൂൾ ആരംഭിച്ചത് അന്ന് പ്രധാനഅധ്യാപകൻ ഉൾപ്പെടെ 5 അധ്യാപകരുണ്ടായി-രുന്നു. ധാരാളം അധ്യാപകർ ഈ സ്കൂളിൽ സേവന മനുഷ്ഠിച്ച് പിരിഞ്ഞ് പോയിട്ടുണ്ട്. അതുപോലെ ധാരാളം വിദ്യാർത്ഥികളും ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ച് പഠിച്ച് വിവിധ ജോലികളിൽ ഏർപ്പെട്ട് ജീവിതാ നയിച്ച് പോരുന്നു.

സമീപകാലത്ത് ഈ വിദ്യാലയത്തിന് സമീപം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ വന്നതോട് കൂടിയും ഗവ. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുകയും സ്കൂൾ ബസ് തുടങ്ങിയ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തതോടെ ഈ വിദ്യാലയത്തിൽ വർഷാവർഷം കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി. എന്നിരുന്നാലും ഡിപ്പാർട്ട്മെന്റ് നിർദേശിക്കുന്ന മുഴു-വൻ പരിപാടികളും ദിനാചരണങ്ങളും മറ്റ് നന്നായ്

പരിപാടികളും പൊതുജന പങ്കാളിത്തത്തോടെ കൂടി ഇപ്പോഴും നടന്ന് വരുന്നു. കുട്ടികളുടെ മികവ് കണ്ടെത്തു-ന്നതിനായി വിവിധ മേളകൾ, എൽ.എസ്.എസ്, ക്വിസ് പരിപാടികൾ എന്നിവയിലേല്ലാം കുട്ടികളെ പങ്കെടുപ്പിക്കുകയും. മികവ് തെളിയിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ക്ലാസിലും ഒരു ഡിവിഷൻ മാത്രമുള്ളതിനാൽ ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ സാധിച്ചിരുന്നില്ല. എന്നാൽ ഈ വർഷം 2024-25 അധ്യായന വർഷം മുതൽ ഇംഗ്ലീഷ് മീഡിയം തുടങ്ങുകയും ചെയ്തു.

1961 ൽ സ്ഥാപിച്ച കെട്ടിടത്തിന് മാറ്റമൊന്നും വരുത്താൻ മാനേജ്മെന്റിന് സാധിച്ചിട്ടില്ല. എന്നിരുന്നാലും. 2005 ന് ശേഷം സ്കൂൾ കെട്ടിടം. വൈദ്യുതീകരിക്കാനും എല്ലാ ക്ലാസിലും ഫാൻ, സ്ക്രീൻ ആവശ്യത്തിനുള്ള ടോയിലറ്റ്, കളിസ്ഥലം എന്നിവ മാനേജരും പി.ടി.എ യും ചേർന്നു മെച്ചപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തെ ആളുകൾ സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതിയിലുള്ള വല്ലാത്തതിനാൽ പൊതു സമാഹരണത്തിലൂടെ സ്കൂൾ കെട്ടിടമോ, മറ്റ് സൗകര്യങ്ങളോ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല.

ഇന്ന് നിലവിൽ ഒരു ഭാഷാ അധ്യാപികയും 21 വിദ്യാർത്ഥികളും 3 താത്കാലിക അധ്യാപകരുമാണ്

Scanned with OKEN Scanner

ഈ വിദ്യാലയത്തിലുമുണ്ട്. കുട്ടികൾക്ക് പോഷകപ്രദമായ ഉച്ചഭക്ഷണവും പാൽ, മുട്ട എന്നിവയും മുടക്കം കൂടാതെ നൽകുന്നുണ്ട്.

Scanned with OKEN Scanner

# ഉള്ളടക്കം

1. പൊതുലക്ഷ്യം

2. എന്റെ വിദ്യാലയം അടിസ്ഥാന വിവരങ്ങൾ

3. സമർപ്പണം.

4. സന്ദേശം.

5. പ്രവർത്തനം - ഒറ്റ നോട്ടത്തിൽ

6. മലയാളം

പ്രവർത്തനം - ക്ലാസ് ഒന്ന്, രണ്ട്

പ്രവർത്തനം - ക്ലാസ് മൂന്ന്, നാല്

7. ഇംഗ്ലീഷ്

പ്രവർത്തനം - ക്ലാസ് ഒന്ന്, രണ്ട്

പ്രവർത്തനം - ക്ലാസ് മൂന്ന്, നാല്

8. അറബി

9. ഗണിതം

പ്രവർത്തനം - ക്ലാസ് ഒന്ന്, രണ്ട്

പ്രവർത്തനം - ക്ലാസ് മൂന്ന്, നാല്

10. പരിസരപഠനം

പ്രവർത്തനം - ക്ലാസ് ഒന്ന്, രണ്ട്

പ്രവർത്തനം - ക്ലാസ് മൂന്ന്, നാല്

11. ദിനാചരണങ്ങൾ

12. കലാകായിക പ്രവൃത്തി പരിചയം.

Scanned with OKEN Scanner

# പൊതുലക്ഷ്യം

പൊതുവിദ്യാലയം മികവിന്റെ കേന്ദ്രമാക്കി
മാറ്റുക എന്നതിനായി ഒന്ന് മുതൽ നാല് വരെയുള്ള ഈ
വിദ്യാലയത്തിലെ കുട്ടികൾക്ക് ഓരോ ക്ലാസിലും ആർജിക്കേ-
ണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസ-
രിച്ച് നേടാൻ സാധിക്കുക. പഠനവിഷയങ്ങളിൽ ആശയവ്യക്തത
കൈവരിക്കണം. മലയാളം, ഇംഗ്ലീഷ്, പരിസരപഠനം, കണക്ക്,
അറബി, ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
കുട്ടികളുടെ കഴിവ് പഠനവിഷയത്തിൽ മാത്രം ഒതുങ്ങാതെ
സർഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ
സമഗ്ര വികസനം ലക്ഷ്യമാക്കി യഥാർത്ഥ വിദ്യാഭ്യാസം എല്ലാ
കുട്ടികളും നേടിയിരിക്കുക. പാഠ്യേതര മികവ് സാധ്യമാകുന്നതിന്
ആവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സാഹചര്യങ്ങൾ
ഒരുക്കി കുട്ടിയെ ഉന്നതനിലവാരത്തിലേക്ക് ഉയർത്തുക.
കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടു-
ക്കുന്നതിന് എൽ.പി ക്ലാസ് മുതൽ അതിനുള്ള സംവിധാനം
സ്കൂളിൽ സാധ്യമാകുക. പ്ലാസ്റ്റിക് മുക്ത സ്കൂളാക്കി മാറ്റുക
മദ്യപാനം, മയക്കുമരുന്ന്, ഉപയോഗം പുതുതലമുറയിൽ
ഇല്ലാതാക്കാനായി ബോധവൽക്കരണം ചെറിയ ക്ലാസിൽ നിന്ന്
തന്നെ തുടങ്ങുക. കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥയി-

Scanned with OKEN Scanner

ലേക്ക് സ്കൂളിനെ ഉയർത്തുക.

ഒന്നാം തരം മുതൽ വായനാസംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി വിപുലമാക്കുക. ഇതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി വിദ്യാലയത്തിൽ ക്രമീകരിക്കുക.

വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമാക്കി ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും നൽകുക. കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനും ജീവിതശൈലീരോഗങ്ങൾ വരാതിരിക്കാൻ ചെറുപ്രായത്തിൽ തന്നെ വ്യായാമത്തിനും കളികൾക്കും പ്രത്യേക പരിശീലനം നൽകി കുട്ടികൾക്ക് ആത്മവിശ്വാസം നൽകുക. പിന്നോക്കക്കാരെ കണ്ടെത്തുകയും അവർക്ക് പ്രത്യേക സമയം കണ്ടെത്തി പരിഹാരബോധന പ്രവർത്തനങ്ങൾ നൽകിക്കൊണ്ട് മുൻനിരയിലേക്ക് എത്തിക്കുക.

## എന്റെ വിദ്യാലയം – അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് :- എ. എൽ. പി. സ്കൂൾ കണ്ണിപറമ്പ

സ്കൂൾ കോഡ് : 17312

യു ഡൈസ് കോഡ് :- 32041500907

വിദ്യാഭ്യാസ ജില്ല :- കോഴിക്കോട്

വിദ്യാഭ്യാസ ഉപ ജില്ല :- കോഴിക്കോട് (റൂറൽ)

ബി. ആർ. സി :- മാവൂർ

സി. ആർ. സി :- ജി. എം. യു. പി. സ്കൂൾ മാവൂർ

പഞ്ചായത്ത് :- മാവൂർ.

E മെയിൽ :- alpskannipparamba@gmail.com.

മാനേജർ

എ. വി. ശാരി

പ്രധാനാധ്യാപിക

ആയിഷാബി. ടി

മറ്റ് അധ്യാപകർ

സഫ്വാന. എൻ

മൃദുല. പി

നീതു. ടി.

## പി.ടി.എ അംഗങ്ങൾ - 2025-26

1. ഹഫ്സത്ത്.പി.പി - പ്രസിഡന്റ്
2. സാഫിന - വൈസ് പ്രസിഡന്റ്
3. പുഷ്പറാണി - വൈസ് പ്രസിഡന്റ്
4. ആയിഷാബി.ടി
5. മൃദുല.പി
6. സഫ്‌വാന.എൻ
7. നിത്യ.ടി
8. രാജൻ
9.

Scanned with OKEN Scanner

## ദിനാചരണങ്ങൾ

### പൊതുലക്ഷ്യങ്ങൾ :-

* പ്രധാനദിനങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കുക
* ദിനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* മഹദ്‌വ്യക്തികളെക്കുറിച്ചും മഹത്സംഭവങ്ങളെക്കുറിച്ചും പ്രകൃതിയും ചുറ്റുപാടും സംരക്ഷിക്കേണ്ടതിനെ കുറിച്ചും മറ്റും കുട്ടികളെ ബോധവാന്മാരാക്കുക.
* കുട്ടികളിൽ, ശുചിത്വശീലം, ജലസംരക്ഷണം, പ്രകൃതിസംരക്ഷണം എന്നിങ്ങനെയുള്ള ശീലങ്ങൾ വളർത്തിയെടുക്കൽ
* നമ്മുടെ നാടിന്റെ സംസ്കാരം, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ പകർന്നു നൽകൽ.

① പരിസ്ഥിതി ദിനം - ജൂൺ 5

ലക്ഷ്യങ്ങൾ : എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ട ഈ ഭൂമി നശിപ്പിക്കാതെ വരും തലമുറക്ക് കൈമാറേണ്ടതാണെന്ന ബോധം ചെറുപ്പത്തിലെ വളർത്തിയെടുക്കൽ. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കൽ.

Scanned with OKEN Scanner

| പ്രവർത്തനം | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി ദിനം<br>* വീട്ടിൽ വൃക്ഷത്തൈ നടൽ<br>* പോസ്റ്റർ നിർമ്മാണം<br>* വൃക്ഷകാർഡ് നിർമ്മാണം<br>* കവിതാ ശേഖരണം<br>* ഇല - ആൽബം | ജൂൺ | ~~[illegible]~~ | | |

## വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണ ദിനം - ജൂൺ 15

| പ്രവർത്തനം. | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * അസംബ്ലി കൂടൽ<br>* പ്രതിജ്ഞ ചൊല്ലൽ. | ജൂൺ -15 | | | |

## വായനാദിനം — ജൂൺ 19.

ലക്ഷ്യങ്ങൾ: കുട്ടികളിൽ വായനാശീലം വർധിപ്പിക്കുക. വായനയിലൂടെ അറിവ് നേടുക, മാതൃഭാഷയോടുള്ള താൽപര്യം വളർത്തിയെടുക്കുക, വ്യത്യസ്ത വ്യവഹാരരൂപങ്ങൾ മനസ്സിലാക്കുക.

Scanned with OKEN Scanner

| പ്രവർത്തനം | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ക്ലാസ് ലൈബ്രറി രൂപീകരണം<br>* വായനാദിന ക്വിസ് മത്സരം<br>* കഥപറയൽ മത്സരം<br>* വായനാ മത്സരം.<br>* എഴുത്ത് മത്സരം<br>* എഴുത്തുകാരെ തിരിച്ചറിയാം (വീഡിയോ പ്രദർശനം)<br>* പുസ്തക പ്രദർശനം. | ജൂൺ | | | |

## ലഹരി വിരുദ്ധ ദിനം — ജൂൺ 26.

| പ്രവർത്തനം | കാലം | ഭൗതികം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * സ്കൂളും പരിസരവും വൃത്തിയാക്കൽ<br>* ബോധവൽക്കരണ ക്ലാസ്<br>* ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം<br>* ക്ലാസ് പതിപ്പ് നിർമ്മാണം<br>* ലഹരി വിരുദ്ധ സന്ദേശം നൽകൽ. | | | | |

Scanned with OKEN Scanner

## വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം - ജൂലൈ-5

ലക്ഷ്യങ്ങൾ:

സാഹിത്യകാരന്മാരെ പരിചയപ്പെടൽ, അവരുടെ കൃതികളെക്കുറിച്ചും കഥാപാത്രങ്ങളെക്കുറിച്ചും അറിയൽ.

| പ്രവർത്തനം | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ബഷീർ കഥാപാത്രങ്ങളുടെ ആവിഷ്കാരം<br>* ബഷീർ പുസ്തകങ്ങൾ പരിചയപ്പെടൽ<br>* പതിപ്പ് നിർമ്മാണം<br>* പോസ്റ്റർ നിർമ്മാണം<br>* ക്വിസ് മത്സരം<br>* ഡോക്യുമെന്ററി പ്രദർശനം. | | | | |

## ചാന്ദ്രദിനം - ജൂലൈ 21

ലക്ഷ്യങ്ങൾ: മനുഷ്യന്റെ ചാന്ദ്രയാത്രയെക്കുറിച്ചും ബഹിരാകാശയാത്രയെക്കുറിച്ചും മനസ്സിലാക്കൽ, ശാസ്ത്രവിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കൽ, ഭൂമി, സൂര്യൻ, ചന്ദ്രൻ തുടങ്ങിയ ആകാശഗോളങ്ങളെക്കുറിച്ച് അറിയൽ.

Scanned with OKEN Scanner

| പ്രവർത്തനം | കാലം | രീതികൾ | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| * ചാന്ദ്രദിന പതിപ്പ് | | | | |
| * പോസ്റ്റർ നിർമ്മാണം | | | | |
| * കൊളാഷ് നിർമ്മാണം | | | | |
| * കുഞ്ഞുചന്ദ്രൻ - കവിതാലാപനം | | | | |
| * ചന്ദ്രനിലൂടൊരു സഞ്ചാരം - ഡോക്യുമെന്ററി പ്രദർശനം. | | | | |
| * ചാന്ദ്രദിന ക്വിസ് | | | | |
| * റോക്കറ്റ് നിർമ്മാണം | | | | |
| * | | | | |

* സ്വാതന്ത്ര്യ ദിനം - ആഗസ്റ്റ് -15.

പ്രവർത്തനങ്ങൾ :-

- അസംബ്ലി
- പതാക ഉയർത്തൽ
- ദേശഭക്തിഗാനാലാപനം.
- സ്വാതന്ത്ര്യസമര സേനാനികൾ ദൃശ്യാവിഷ്കാരം.
- പതാക വരയ്ക്കൽ നിറം നൽകൽ
- ക്വിസ് മത്സരം
- പതിപ്പ് നിർമ്മാണം
- 

Scanned with OKEN Scanner

* ഓണാഘോഷം
  * പൂക്കളം ഒരുക്കൽ
  * ഐതിഹ്യം പറയൽ
  * ഓണപ്പതിപ്പ് തയ്യാറാക്കൽ
  * ഓണസദ്യ ഒരുക്കൽ.
  * ഓണക്കളികൾ.

* ഗാന്ധിജയന്തി - ഒക്ടോബർ - 2
* പ്രവർത്തനങ്ങൾ :-
  * സ്കൂൾ പരിസരം ശുചിയാക്കൽ
  * ഗാന്ധി വചനങ്ങൾ ശേഖരിക്കൽ
  * ക്വിസ് മത്സരം.
  * പതിപ്പ് നിർമ്മാണം.

* കേരളപ്പിറവി ദിനം - നവംബർ - 1
* പ്രത്യേക അസംബ്ലി.
* പ്രതിജ്ഞ ചൊല്ലൽ
* ക്വിസ് മത്സരം
* വായനാ മത്സരം
* കേരള ഗാനം ആലപിക്കൽ.

Scanned with OKEN Scanner

* ശിശുദിനം - നവംബർ - 14

പ്രവർത്തനം:-

- നെഹ്റുതൊപ്പി നിർമ്മാണം
- റോസാപ്പൂ നിർമ്മാണം
- ക്വിസ് മത്സരം
- പതിപ്പ് നിർമ്മാണം
- നെഹ്റു - വേഷം ധരിക്കൽ.

* ക്രിസ്തുമസ് ആഘോഷം:-

1. പുൽക്കൂട് ഒരുക്കൽ
2. ക്രിസ്തുമസ് പാപ്പ ചമയൽ
3. ആശംസകാർഡ് ഒരുക്കൽ.

* റിപ്പബ്ലിക് ദിനം:-

1. പതാക ഉയർത്തൽ
2. പ്രത്യേക അസംബ്ലി - ബോധവൽക്കരണം.
3. പ്രസംഗം.
4. ക്വിസ് മത്സരം
5. പതിപ്പ് നിർമ്മാണം.

# ഒന്നാം ക്ലാസ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025

മലയാളം

SCHOOL : A·L·P·SCHOOL KANNIPARAMBA
KOZHIKODE RURAL

CLASS TEACHER : SAFVANA·N

PHONE NO : 8921341191

Scanned with OKEN Scanner

ആമുഖം :-

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ

പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യമായ ദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസ

Scanned with OKEN Scanner

വും ക്ലാസ് പി.ടി.എയിൽ ചർച്ച ചെയ്യുന്നതി നും സഹായകം ഇതാണ്.

## അവസ്ഥാവിശകലനം

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ:-

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 9 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ മുഴുവൻ പേരും പ്രീ പ്രൈമറി, അങ്കണവാടി അനുഭവമുള്ളവരാണ്.

## വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

2. ഓരോകുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക. ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം, എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത രചനകൾ ഡയറികൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

8. ഓരോ കുട്ടിയുടെയും പഠനതെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

<u>ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ</u>

1. പൂർണപങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ ഉറപ്പാക്കുക.

2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിനുള്ള അവസരം സൃഷ്ടിക്കുക.

3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.

4. വായിച്ചുകേട്ട കഥ ക്ലാസിൽ ആശയചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക.

5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാകാർഡുകളുടെ വായന (വീട്ടിലും ക്ലാസിലും)

6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുൻപാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക.

7. ഓരോ കുട്ടിയുടെയും പ്രധാന പഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.

8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക.

9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തള

ത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.

10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

## ജൂൺമാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ.
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനാ കാർഡുകൾ
5. സംയുക്ത വിലയിരുത്തൽ

# ACADEMIC MASTER PLAN

## 2025

## ENGLISH

Scanned with OKEN Scanner

Aim :-

To speak, read and write English without any mistakes

Months:- June, July, Augest

JUNE

* Pretest
* To devolop listening skills and reading Skills.

Listening Skills:-

→ Games
→ Action songs
→ Hello English Activities.

Reading skills:-

→ conversation
→ skit
→ stories
→ Use ICT

Scanned with OKEN Scanner

Speaking skills:-

-> Descriptions

-> Growing sentences

-> Picture reading

-> Picture description

-> Self Introduction Assembly.

-> speach

-> book riview

-> quiz

-> riddles

-> School radio

## July and Augest

Reading skills:-

-> News paper reading

-> library books reading

-> book riview

-> reading news.

-> find words

-> Rhyming words

Scanned with OKEN Scanner

-> Describing words
-> Textbook Activities.

Writing skills:-

-> Make word web.
-> picture Description
-> word chain
-> Sentence chain
-> make sentences
-> make riddles
-> conversation
-> Add more lines.
-> develop story
-> dairy.

Scanned with OKEN Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ

2025

ഗണിതം

Scanned with OKEN Scanner

ജൂൺ മാസത്തിൽ നേടിയെടുക്കേണ്ട പഠന-ലക്ഷ്യങ്ങൾ :-

* വലുത്, ചെറുത് കണ്ടെത്തൽ
* കൂടുതൽ കുറവ് കണ്ടെത്തൽ
* രണ്ടക്ക സംഖ്യകൾ എണ്ണിയെടുക്കൽ, വായിക്കൽ, എഴുതൽ
* രണ്ടക്ക സംഖ്യകൾ ആരോഹണ / അവരോഹണ ക്രമത്തിലാക്കൽ
* രണ്ടക്ക സംഖ്യകളുടെ സങ്കലനം
* രണ്ടക്ക സംഖ്യകളുടെ വ്യവകലനം.
* രണ്ടക്ക സംഖ്യാ വ്യാഖ്യാനം
* രണ്ടക്ക സംഖ്യാ പാറ്റേൺ

Scanned with OKEN Scanner

# മാസ്റ്റർ പ്ലാൻ

ക്ലാസ് തലം

രണ്ടാം ക്ലാസ്

Scanned with OKEN Scanner

# മലയാളം

Scanned with OKEN Scanner

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയെ പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാസമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

Scanned with OKEN Scanner

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം/താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

Scanned with OKEN Scanner

## മുന്നൊരുക്കം

* പ്രീ-ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിന് ഉള്ള അവസരമുണ്ടാക്കുന്നു

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

Scanned with OKEN Scanner

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ പ്രദർശനം നടത്തൽ
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായനാതലത്തിൽ എത്തിച്ച് -വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു
* ഭാഷ വികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കാൻ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ

Scanned with OKEN Scanner

* പാട്ടരങ്ങ്, പ്രകൃതി നടത്തം, യാത്രാവിവരണം, ഭാഷണം ലേഖനത്തിന് അവസരമൊരുക്കൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ട മുൻഗണന നൽകുന്നു
* ആന - ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ
* ആന - വായനാകാർഡുകൾ ഒരുക്കുന്നു

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു
* എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു

## ഡിസംബർ

* ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
* ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു
* വ്യവഹാര രൂപങ്ങൾ ലക്ഷ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു

Scanned with OKEN Scanner

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
* ലഘുവിവരണങ്ങൾ, പത്രവാർത്തകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ
* അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തൽ
  (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
* എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
  ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും - ഓരോ പതിപ്പുകൾ കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ

Scanned with OKEN Scanner

* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന അമ്മവായന ചിത്രവായന ഈ വായനയെ പ്രോത്സാഹിപ്പിക്കൽ
* ക്ലാസ് ലൈബ്രറി-സ്കൂൾ ലൈബ്രറി ശക്തമാക്കൽ
* നവമാധ്യമങ്ങളിലും PTA മീറ്റിംഗിലും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ

Scanned with OKEN Scanner

# ഗണിതം

Scanned with OKEN Scanner

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു. (100 ൽ താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

Scanned with OKEN Scanner

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

* 1,2,3,4,.....

1,3,5,7.....

10,20,30,40,....

5,10,15,20,.....

2,4,6,8,10,..... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും. എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

Scanned with OKEN Scanner

## സെപ്റ്റംബർ

* ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
* വിലവിവരപ്പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
(രണ്ടക്ക സംഖ്യയിൽ നിന്നും ഒറ്റക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ
(പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5.. 10..15.. 20.. 25

(5 വീതം കൂടിയാൽ പ്രശ്നവിശകലനം)

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുതലായവ വെട്ടി തയ്യാറാക്കി സംഖ്യ പറയുത്തൽ
* "കാശിനൊരു കട" കളിയിലൂടെ പ്രശ്ന നിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ
നോട്ട്   നാണയം

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ
* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു

Scanned with OKEN Scanner

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ

വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ

പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്താൻ രീതികൾ

* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ

* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്

മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

Scanned with OKEN Scanner

* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

Scanned with OKEN Scanner

# ENGLISH

Scanned with OKEN Scanner

Aim

To speak, read and write english without any mistakes.

Time

June to March

June and July

To develop listening skills and reading skills

Listening skills

1. Games, action songs
2. conversation, skit stories use ICT

Speaking skills

1 Identify the naming words from the picture
2. Identify the action words from the same picture.
3. Make simple sentences using the action word and naming words about the picture.
4. Make simple description about the picture
5. Growing sentences picture reading self introduction. assembly are also conducted

Scanned with OKEN Scanner

Activities

speech, riddles, self introduction, quiz

## August and September

Develop the creative speaking and writing

### Reading skills

1. Find words
2. rhyming words
3. describing words
4. Text book activities

### Writing skills

1. Make word web
2. picture description withe describing words
3. word chain, sentence chain
4. make words and sentences
5. make riddles, conversations
6. add more lines

Scanned with OKEN Scanner

Activities

quiz, riddles, self introduction, make description

October and November

To express thoughts feelings etc

Reading skills

1. News paper reading, library book reading, reading
2. conversation, skit stories use ICT materials
3. Reads breaking news
4. develop story
5. read notice

Writing skills

1. description
2. notice proclamation
3. thought

Activities

speech, quiz riddle, make magazines, skit etc

Scanned with OKEN Scanner

December and January

1. Develop the creative speaking and writing
2. To express thoughts feelings etc

Reading skills

1. News paper reading, library books reading
2. conversation
3. reads breaking news
4. develop story
5. reads diary
6. read letters from friends

Writing skills

1. diary
2. letter
3. announcement

Activities

skits, speech quiz riddles, makes magazines class room post office etc.

Scanned with OKEN Scanner

February and March

To improve the presentation power

Reading skills

1. News paper reading, library books reading, book review reading
2. conversations, skit stories use ICT materials
3. Reads breaking news
4. develop story
5. reads diary
6. reads letters from friends

Writing skills

1. diary
2. letter
3. announcement
4. description
5. thoughts

Activities

speech quiz riddles, school radio, makes magazines skits, classroom post office, exibition etc.

Scanned with OKEN Scanner